## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1762** **05-02-2019 ൽ മറുപടിയ്ക്ക്**

### ന്യൂനപക്ഷക്ഷേമ വകുപ്പ് അനുവദിച്ച കുടിവെള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് മുൻപ് അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) (ബി) & (സി) | ന്യൂനപക്ഷക്ഷേമ വകുപ്പ് മുൻപ് അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ ഫണ്ട് അനുവദിച്ചിട്ടും ഇതുവരെ വിവിധ കാരണങ്ങളാൽ പണി ആരംഭിക്കാത്ത പദ്ധതികൾ റദ്ദ് ചെയ്യുന്നതിനും പ്രസ്തുത തുക വകുപ്പിന്റെ പദ്ധതിയിൽ ഫണ്ട് ലഭിക്കാത്തതും പണി പൂർത്തീകരിച്ചിട്ടുള്ളതുമായ വർക്കുകൾക്ക് കൈമാറുന്നതിലേക്കായുമുള്ള വിഷയം പരിഗണനയിലാണ്. |
| (ബി) | ഉണ്ടെങ്കിൽ അവ റദ്ദ് ചെയ്യുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | | |
| (സി) | ഇപ്രകാരം ഏതെല്ലാം പദ്ധതികളാണ് റദ്ദ് ചെയ്തതെന്ന് അറിയിക്കാമോ; | | |
| (ഡി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ എളാങ്കഴി കുടിവെള്ള പദ്ധതി ടെൻഡർ നടപടി ആരംഭിച്ചതിനുശേഷം റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | എളാങ്കഴി കുടിവെള്ള പദ്ധതിയ്ക്ക് 15 ലക്ഷം രൂപ സ.ഉ (സാധാ)നം 86/2016/പൊ.ഭ.വ തീയതി 08.01.2016-ന് ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും പ്രസ്തുത പ്രദേശത്തേക്ക് കുടിവെള്ളം എത്തിക്കുന്നതിന് ചീക്കോട് കുടിവെള്ള പദ്ധതി 2018-ൽ പൂർത്തീകരിച്ച ശേഷം പൈപ്പ് ലൈൻ നീട്ടുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഈ എസ്റ്റിമേറ്റ് പ്രകാരം ടെൻഡർ ക്ഷണിക്കുകയും കരാറുകാർ പങ്കെടുക്കാത്തതിനാൽ ടെൻഡർ റദ്ദാക്കുകയും ചെയ്യുകയുണ്ടായി. പിന്നീട് ടെൻഡറുകളൊന്നും ക്ഷണിച്ചിട്ടില്ല. |
| (ഇ) | ധാരാളം ആളുകൾ ആശ്രയിക്കുന്ന എളാങ്കഴി കുടിവെള്ള പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കാൻ ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കാമോ? | (ഇ) | എളാങ്കഴി കുടിവെള്ള പദ്ധതിയുടെ ആവശ്യകത അറിയിച്ചുകൊണ്ട് ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്ത് പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**